പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 223

# 2013-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2013-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ

1973-ലെ ക്രിമിനൽ നടപടി നിയമസംഹിത കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിത കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 267എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്), 267-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"267എ. കാരാഗൃഹങ്ങളിൽ തടഞ്ഞുവയ്ക്കപ്പെട്ടതോ തടങ്കലിൽ കഴിയുന്നതോ ആയ ആളുകളുടെ ഹാജരാകൽ ഇലക്ട്രോണിക് വീഡിയോ ലിങ്കേജ് മാധ്യമത്തിലൂടെ ഉറപ്പാക്കുന്നതിനുള്ള അധികാരം.—ഈ നിയമസംഹിത പ്രകാരമുള്ള ക്രിമിനൽ കോടതികളുടെ അധികാരങ്ങൾക്ക് ഭംഗം വരാതെയും അതിനു പുറമേയും, കോടതിക്ക്,

ഏതെങ്കിലും അന്വേഷണ വിചാരണയ്ക്കിടയിലോ, വിചാരണയ്ക്കിടയിലോ അല്ലെങ്കിൽ മറ്റ് നടപടിക്കിടയിലോ, സാഹചര്യങ്ങൾക്ക് യുക്തമാണെങ്കിൽ, കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കപ്പെട്ടതോ തടങ്കലിൽ കഴിയുന്നതോ ആയ ഒരാളുടെ ഹാജരാകൽ ഇലക്ട്രോണിക് വീഡിയോ ലിങ്കേജ് മാധ്യമത്തിലൂടെ ഉറപ്പാക്കാൻ ഉത്തരവിടാവുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, കോടതികളിലും ജയിലുകളിലും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ആരംഭിക്കുവാൻ സംസ്ഥാന സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ വിവിധ ജയിൽ പരിഷ്കരണ കമ്മീഷനുകളും സമിതികളും, മനുഷ്യാവകാശ കമ്മീഷനും സമാനമായ ശിപാർശകൾ നൽകുകയുണ്ടായി.

2. 2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (ഭേദഗതി) ആക്റ്റ് (2009-ലെ 5-ാം കേന്ദ്ര ആക്റ്റ്) അനുസരിച്ച്, പ്രസ്തുത നിയമസംഹിതയുടെ 167-ാം വകുപ്പ് പ്രകാരം ജുഡീഷ്യൽ കസ്റ്റഡിയിലുള്ളവരുടെ തടഞ്ഞുവയ്ക്കൽ ദീർഘിപ്പിക്കുന്നതിനായി വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ, ഈ സംവിധാനം 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) യിലെ 267-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യപ്പെട്ട പ്രകാരം അന്വേഷണ വിചാരണയിലോ, വിചാരണയിലോ അല്ലെങ്കിൽ മറ്റ് നടപടിയിലോ ഉള്ള തടവുകാരുടെ ഹാജരാക്കലിനോ അല്ലെങ്കിൽ ഒരു കുറ്റത്തിന്റെ ചാർജ്ജിന് മറുപടി നൽകുന്ന കാര്യത്തിലോ ബാധകമാക്കിയിട്ടില്ല.

3. വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് ജുഡീഷ്യറിയിലെയും അതുപോലെ തന്നെ ജയിൽ അധികാരികളുടെയും സമയവും ഊർജ്ജവും പണവും മനുഷ്യശേഷിയും ഗണ്യമായി ലാഭിക്കുന്നതിനിടയാക്കുന്നതും കൂടാതെ തടവുകാരെ ജഡ്ജിയുടെ മുമ്പാകെ ഹാജരാക്കിയശേഷം നിയമസംഹിത പ്രകാരമുള്ള അന്വേഷണവിചാരണയും വിചാരണയും മറ്റു നടപടികളും സ്വീകരിക്കുക, തിരിച്ച് ജയിലിലേക്കയയ്ക്കുക എന്ന നിലവിലെ സമ്പ്രദായം ഉപേക്ഷിക്കാൻ കഴിയുന്നതു മാണ്. തടവുകാരുടെ ശാരീരിക സാന്നിദ്ധ്യം ഒരിക്കൽ വേണ്ടെന്നുവയ്ക്കുന്നതോടെ അവർക്ക് നിരോധിത വസ്തുക്കളായ മയക്കുമരുന്നുകൾ, കറൻസി, ആയുധങ്ങൾ, വാർത്താവിനിമയോപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും സാമൂഹ്യവിരുദ്ധ ഘടകങ്ങളിലേക്ക് എത്തുന്നതിനും ഉള്ള സാധ്യത ഒഴിവാക്കാൻ കഴിയുന്നതാണ്.

4. മുകളിൽ പറഞ്ഞ ആവശ്യത്തിലേക്കായി 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 267എ എന്ന പുതിയ വകുപ്പ് ചേർക്കേണ്ടതാണ്.

5. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 267-ാം വകുപ്പ് പ്രകാരമുള്ള തടവുകാരുടെ ഹാജരാകലിനുകൂടി വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് ഈ ബിൽ വ്യവസ്ഥ ചെയ്യുന്നു. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശൂർ, കണ്ണൂർ എന്നീ ജില്ലകളിലെ കോടതികളിലും ജയിലുകളിലും വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്നതിലേക്കായി 2005-06, 2006-07, 2007-08, 2010-11 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 51.47, 89.26, 79.49, 98.89 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്. ഈ സൗകര്യം ജയിലുകളിൽ സ്ഥാപിക്കുന്നതിനുവേണ്ടി 13-ാം ധനകാര്യ കമ്മീഷൻ 2012-13 വർഷത്തിൽ 15 കോടി രൂപ നീക്കിവച്ചിട്ടുണ്ടായിരുന്നു. ഈ സംവിധാനത്തിന്റെ ബി.എസ്.എൻ.എൽ. കണക്റ്റിവിറ്റിക്കും പരിപാലനത്തിനുമായി രണ്ട് കോടി രൂപയുടെ വാർഷിക ആവർത്തന ചെലവ് പ്രതീക്ഷിക്കുന്നു.

ഉമ്മൻ ചാണ്ടി

(ശരിത്തർജ്ജമ)

## 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1974-ലെ 2-ാം കേന്ദ്ര ആക്റ്റ്)

** ** ** **

267. <u>തടവുകാർ ഹാജരാകണമെന്ന് ആവശ്യപ്പെടാനുള്ള അധികാരം.</u>—(1) ഈ നിയമസംഹിതയിൻകീഴിലുള്ള ഒരു അന്വേഷണ വിചാരണയ്ക്കോ, വിചാരണയ്ക്കോ, മറ്റു നടപടിക്കോ ഇടയിൽ ഒരു ക്രിമിനൽ കോടതിക്ക്,—

(എ) കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യപ്പെടാവുന്ന ഒരാളെ ഒരു കുറ്റത്തിനുള്ള ചാർജ്ജിന് മറുപടി പറയാനോ, അയാൾക്കെതിരായുള്ള ഏതെങ്കിലും നടപടികളുടെ ആവശ്യത്തിനു വേണ്ടിയോ കോടതി മുമ്പാകെ കൊണ്ടുവരേണ്ടതാണെന്നോ ; അല്ലെങ്കിൽ

(ബി) അങ്ങനെയുള്ള ആളെ സാക്ഷിയായി വിസ്തരിക്കുന്നത് നീതിയുടെ ലക്ഷ്യങ്ങൾക്ക് ആവശ്യകമാണെന്നോ,

കോടതിക്ക് തോന്നുമ്പോഴെല്ലാം, അതത് സംഗതിപോലെ, ചാർജ്ജിന് മറുപടി പറയാനോ, അങ്ങനെയുള്ള നടപടിയുടെ ആവശ്യത്തിന് വേണ്ടിയോ തെളിവ് നൽകുന്നതിനോ, അങ്ങനെയുള്ള ആളെ കോടതി മുമ്പാകെ ഹാജരാക്കുവാൻ കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടുകൊണ്ട് ഉത്തരവ് ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഉത്തരവ് ഒരു രണ്ടാം ക്ലാസ്സ് മജിസ്ട്രേറ്റ് ചെയ്തിരിക്കുന്നിടത്ത്, അത് അങ്ങനെയുള്ള മജിസ്ട്രേറ്റ് ഏത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ കീഴിലാണോ ആ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, അതിൽ മേലൊപ്പിടാത്തപക്ഷം, കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് അയച്ചുകൊടുക്കുകയോ അയാൾ അത് അനുസരിച്ച് പ്രവർത്തിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ മേലൊപ്പിടുന്നതിന് സമർപ്പിക്കപ്പെടുന്ന ഏതൊരു ഉത്തരവിന്റെയുമോ, മജിസ്ട്രേറ്റിന്റെ അഭിപ്രായത്തിൽ ആ ഉത്തരവ് ആവശ്യമാക്കുന്ന വസ്തുതകളുടെ ഒരു സ്റ്റേറ്റ്മെന്റ് ഉണ്ടായിരിക്കേണ്ടതും ഏത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനാണോ അത് സമർപ്പിക്കപ്പെടുന്നത്, ആ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് അങ്ങനെയുള്ള സ്റ്റേറ്റ്മെന്റ് പരിഗണിച്ചതിനുശേഷം ആ ഉത്തരവ് മേലൊപ്പിടാൻ വിസമ്മതിക്കാവുന്നതുമാണ്.

** ** ** **